# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1444 10-02-2020-ന് മറുപടിയ്ക്ക്

## കേരള പുനർനിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള പുനർനിർമ്മാണ പദ്ധതി യുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് സമർപ്പിച്ച ഏതൊക്കെ പദ്ധതി കൾക്കാണ് അംഗീകാരം ലഭിച്ചതെന്നു വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് 945 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 182.76 കോടി രൂപയുടെ 12 പദ്ധതികൾക്ക് സ.ഉ.(കൈ) 34/2019/ആ.സാ.വ തീയതി 12.12.2019 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സംയോജിത കൃഷിയിലൂടെ ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ചു ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ (50 കോടി)<br>• ആതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.92 കോടി)<br>• അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി (7.99 കോടി)<br>• കേരളത്തിൽ കാർഷിക വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (15 കോടി)<br>• വയനാട് ജില്ലയിൽ ഉദ്യാനവിള കൃഷിക്കും പുഷ്പകൃഷിക്കുമായി മികവിന്റെ കേന്ദ്രം (4 കോടി)<br>• കുട്ടനാട് നെൽകൃഷി ആവാസവ്യവസ്ഥ യുടെ സുസ്ഥിര വികസനം (2.91 കോടി)<br>• യന്ത്രവത്കൃത കൃഷി, ജേം പ്ളാസം കൺസർവേഷൻ, ജൈവവൈവിധ്യ കൃഷി രീതികൾ എന്നിവയിലൂടെ വടക്കൻ കേരള ത്തിലെ കൈപ്പാട് തണ്ണീർത്തടങ്ങളുടെ വികസനം (3 കോടി)<br>• ചെങ്ങന്നൂർ സമൃദ്ധി-തരിശുരഹിത മണ്ഡലം പദ്ധതി (10 കോടി)<br>• കൃഷി വകുപ്പിന്റെ കീഴിലുള്ള മുണ്ടേരി ഫാമി ന്റെയും മറ്റ് കൃഷിഭവനുകളുടെയും പുനരു ദ്ധാരണം (6 കോടി)<br>• പ്രളയ ബാധിത ജില്ലകൾ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പിന്റെ 6 പദ്ധതികൾ (60.94 കോടി)<br>• നേരിയമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി സംയോജിത ഫാം പരിപാലനം (10 കോടി) |
| (ബി) | എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭി ച്ചു; ഇതു പ്രകാരമുള്ള പ്രവർത്ത നങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | • അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ ശാക്തീകരണത്തിലൂടെ മേഖലാതലത്തിൽ സർവ്വീസ് ഡെലിവറിക്ക് പിന്തുണ (5 കോടി)<br><br>ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതാണ്. ബാക്കി പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ (ആർ.കെ.ഐ.) പരിഗണനയിലാണ്. |
| (സി) | പ്രളയബാധിത പ്രദേശങ്ങളിൽ മണ്ണിനു വന്നിട്ടുള്ള മാറ്റം പഠന വിഷയം ആക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടി സ്ഥാനത്തിൽ മണ്ണ് സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | പ്രളയബാധിത പ്രദേശങ്ങളിൽ മണ്ണിനു വന്നിട്ടുള്ള മാറ്റം കേരള കാർഷിക സർവ്വകലാശാല പഠന വിധേയമാക്കിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, പ്രളയാനന്തരം കൃഷിയിടങ്ങളിൽ അനുവർത്തിക്കേണ്ട പരിപാലനമുറകൾ അടങ്ങിയ വിശദമായ ലഘുലേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ഇത് വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, ഫാം ഇൻഫർമേഷൻ ബ്യൂറോയിലൂടെയും സംസ്ഥാനം മുഴുവൻ എത്തിക്കുകയും ആകാശവാണിയുടെ തൃശ്ശൂർ നിലയം വഴി വിദഗ്ദ്ധ ശാസ്ത്രജ്ഞരുടെ അഭിമുഖം, ചർച്ച എന്നിവ പ്രക്ഷേപണം ചെയ്യുകയുമുണ്ടായി.<br><br>പ്രളയാനന്തരം നദീതടങ്ങളിലുണ്ടായ എക്കൽ/മണ്ണ് നിക്ഷേപം എന്നിവയുടെ തോത്/ഗുണം എന്നിവ മനസ്സിലാക്കുന്നതിനായി ചാലക്കുടി പുഴയോരം കേന്ദ്രീകരിച്ച് ഒരു പഠനം സർവ്വകലാശാല നടത്തുന്നുണ്ട്.<br><br>കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിൽ ബിരുദാനന്തരബിരുദ ഗവേഷണത്തിന്റെ ഭാഗമായി പ്രളയത്തിനോടനുബന്ധിച്ച് മണ്ണിനു വന്നിട്ടുള്ള മാറ്റം പഠന വിധേയമാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കേരളത്തിനെ 23 വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി തരംതിരിച്ചതിൽ 12 യൂണിറ്റുകളിലും (യൂണിറ്റുകൾ 3, 4, 5, 6, 9, 10, 12, 13, 14, 15, 16, 20) ഈ പഠനം നടപ്പിലാക്കി വരുന്നുണ്ട്. ഗവേഷണഫലം ലഭിക്കുന്നതിനനുസരിച്ച് ഉചിതമായ മണ്ണ് സംരക്ഷണ മുറകളും, വളപ്രയോഗ രീതികളും സർവ്വകലാശാല ശുപാർശ ചെയ്യുന്നതനുസരിച്ച് നടപ്പാക്കുന്നതാണ്.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് 2018 ലെ പ്രളയാനന്തരം മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെ കുറിച്ച് കാസർഗോഡ് ഒഴികെയുള്ള 13 പ്രളയ ബാധിത ജില്ലകളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും |

| | | | |
|---|---|---|---|
| | | | മണ്ണ് പരിശോധന ഫലങ്ങളും പ്രളയാനന്തരം കൃഷിഭൂമിയിൽ വന്നിട്ടുളള മാറ്റങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തി "Soil Health Status of Kerala in the post flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായ വിധം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>പ്രളയാനന്തര പാരിസ്ഥിതിക പുനർജീവനവും പുനർനിർമ്മാണവും ലക്ഷ്യമിട്ട് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും; ഇതുപ്രകാരം 'റീബിൽഡ് കേരള'യിൽ ഉൾപ്പെടുത്തി 6 ജില്ലകളിലായി 60.94 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ